# വിദ്യാഭ്യാസ സ്കോളർഷിപ്പിന് ആധാർ നിർബന്ധം

മാനവശേഷി വികസന മന്ത്രാലയത്തിന്റെയും സാമൂഹികനീതി-ശാക്തീകരണ മന്ത്രാലയത്തിന്റെയും സ്കോളർഷിപ്പുകൾക്കാണ് ആധാർ നിർബന്ധമാക്കി വിജ്ഞാപനമിറക്കിയത്.

Published: Feb 21, 2017, 01:00 AM IST T- T T+

**ന്യൂഡൽഹി:** നിർധന-പിന്നാക്ക വിഭാഗത്തിലെ വിദ്യാർഥികൾക്കുള്ള കേന്ദ്രസർക്കാർ ആനുകൂല്യങ്ങൾ ലഭിക്കാൻ ആധാർ നിർബന്ധമാക്കി. മാനവശേഷി വികസന മന്ത്രാലയത്തിന്റെയും സാമൂഹികനീതി-ശാക്തീകരണ മന്ത്രാലയത്തിന്റെയും സ്കോളർഷിപ്പുകൾക്കാണ് ആധാർ നിർബന്ധമാക്കി വിജ്ഞാപനമിറക്കിയത്.

സ്കൂൾ പ്രിൻസിപ്പൽമാർക്കാണ് പദ്ധതി നിർവഹണത്തിന്റെ ഉത്തരവാദിത്വം. ഈ വർഷംതന്നെ ഇതു നടപ്പാക്കും. 2018 മുതൽ അങ്കണവാടി ആനുകൂല്യങ്ങൾ ലഭിക്കാൻ ആധാർ നിർബന്ധമാക്കി കഴിഞ്ഞയാഴ്ച വിജ്ഞാപനമിറങ്ങിയിരുന്നു.

മാനവശേഷി വികസന മന്ത്രാലയത്തിന്റെ നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്, സെക്കൻഡറി സ്കൂൾ വിദ്യാർഥിനികൾക്കുള്ള ദേശീയ സ്കോളർഷിപ്പ് എന്നിവയ്ക്ക് അർഹരായ വിദ്യാർഥികൾ ജൂൺ മുപ്പതിനകം ആധാർ എടുത്തിരിക്കണം. ഇതിനകം ആധാർ ലഭിച്ചില്ലെങ്കിൽ ആധാർ അപേക്ഷയുടെ പകർപ്പോ ബാങ്ക് പാസ്ബുക്കോ വിദ്യാഭ്യാസ വകുപ്പിന്റെ തിരിച്ചറിയൽ രേഖയോ സ്കോളർഷിപ്പ് ആനുകൂല്യത്തിനായി ഹാജരാക്കണം.

ഒമ്പത്, 10 ക്ലാസുകളിലെ പട്ടികജാതി വിദ്യാർഥികൾക്കായി പ്രീ-മെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ്, പട്ടികജാതി-മറ്റു പിന്നാക്ക വിദ്യാർഥികൾക്കുള്ള പരിശീലനത്തിനുള്ള സ്കോളർഷിപ്പ്, ഡോ. അംബേദ്കർ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ, ഉന്നത വിദ്യാഭ്യാസത്തിനുള്ള ദേശീയ ഫെലോഷിപ്പ് തുടങ്ങിയവയാണ് കേന്ദ്ര സാമൂഹികനീതി-ശാക്തീകരണമന്ത്രാലയം നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ. ഇതിനർഹരായ വിദ്യാർഥികൾ മാർച്ച് മുപ്പത്തൊന്നിനകം ആധാർ നേടിയിരിക്കണം.